**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5608

02.07.2019 ലെ മറുപടിയ്ക്ക്.

## ഷീ സ്മാർട്ട് കഫെ

| | **ചോദ്യം**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുള്ള ഷീസ്മാർട്ട് കഫെയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് ഇവർക്ക് ട്രെയിനിംഗ് നൽകുന്നത് ആരാണ്; ട്രെയിനിംഗ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുള്ള ഷീസ്മാർട്ട്കഫെ സൗകര്യങ്ങൾ എവിടെയെല്ലാമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികൾക്ക് റെസ്റ്റോറന്റ് മാനേജ്മെന്റിൽ സംരംഭകത്വ പരിശീലനം നൽകി സ്ഥിര വരുമാനം ഉറപ്പു വരുത്തുക, പ്രൊഫഷണൽ ട്രെയിനിംഗും മെന്ററിംഗും നൽകി മികവുറ്റ സംരംഭകരാക്കുക, പട്ടികജാതി സ്ത്രീകളുടെ ഉന്നമനവും ശാക്തീകരണവും ഉറപ്പാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് ഷീ സ്മാർട്ട് കഫേ പദ്ധതി ആരംഭിച്ചത്<br>സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരള എന്ന സ്ഥാപനമാണ് ഇവർക്ക് ട്രെയിനിംഗ് നൽകിയത്.<br>നിലവിൽ നന്ദാവനത്തും, മണ്ണന്തലയിലുമാണ് ഓരോ ഷീ സ്മാർട്ട് കഫേ വീതം പ്രവർത്തിച്ചു വരുന്നത്. രണ്ട് കഫേകൾ കൂടി ഇനി പ്രവർത്തനമാരംഭിക്കാൻ എസ്.ആർ.സി നടപടികൾ സ്വീകരിച്ചു വരുന്നു, |
| (ബി) | ഷീസ്മാർട്ട് കഫെ ആരംഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ ട്രെയിനിംഗ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളെ ഒഴിവാക്കിക്കൊണ്ട് പുരുഷന്മാരെ ഉൾപ്പെടുത്തിയാണ് പ്രവർത്തിക്കുന്നത് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുരുഷന്മാരെ ഒഴിവാക്കി സ്ത്രീകൾക്ക് മാത്രമായി ആരംഭിച്ചിട്ടുള്ള ഷീ സ്മാർട്ട് കഫേകളിൽ ട്രെയിനിംഗ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപെട്ട വനിതകളെ ഉൾപ്പെടുത്തുമോ; | (ബി) | ഇത് പട്ടികജാതി വനിതകൾക്ക് വേണ്ടി മാത്രമുള്ള പദ്ധതിയാണ്. പദ്ധതി പ്രകാരം പുരുഷന്മാരെ ഷീ സ്മാർട്ട് കഫെകളിൽ നിയോഗിച്ചിട്ടില്ല, |
| (സി) | ഷീസ്മാർട്ട് കഫേകളിൽ പ്രവർത്തിക്കുന്നതിനായി ട്രെയിനിംഗ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപെട്ട വനിതകൾക്ക് സ്റ്റൈപ്പെന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | സ്റ്റൈപ്പെന്റ് വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക എസ്.ആർ.സിയ്ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ